# നിന്റെ ഹൃദയത്തെ ജാഗരൂകതയോടെ കാത്തുസൂക്ഷിക്കുക

**സുഭാഷിതങ്ങൾ 4,23**

# വിചിന്തനം

ജൂലൈ 2025

വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ ഏതു ചടങ്ങിനെത്തിയാലും ആദ്യം നമ്മുടെ കണ്ണിൽപ്പെടുന്നത് പലപ്പോഴും അവിടത്തെ സ്വിസ് ഗാർഡുകളുടെ സവിശേഷമായ വേഷവിധാനമായിരിക്കും. സ്വന്തം ജീവൻ ബലികഴിക്കേണ്ടി വന്നാൽ പോലും മാർപാപ്പയെ വിശ്വസ്തതയോടെ സേവിക്കുമെന്ന് പ്രതിജ്ഞയെടുത്തവരാണ് അവർ. ടൂറിസ്റ്റുകളെ സംബന്ധിച്ച് വത്തിക്കാനിലെ വർണശബളമായ ഒരു കാഴ്ചയാണെങ്കിലും അവർ എല്ലാം തികഞ്ഞ ഒരു സുരക്ഷാ സേനതന്നെയാണ്. പാപ്പയ്ക്കു സംരക്ഷണമൊരുക്കാൻ പരമ്പരാഗത മാർഗങ്ങളും അത്യാധുനികമായ തന്ത്രങ്ങളും കൈവശമുള്ള സൈനികസംഘം.

നമുക്ക് വിലപിടിച്ചവയെയാണ് നാം എപ്പോഴും സംരക്ഷിക്കുന്നത്. ഓരോ രാജ്യവും അവരുടെ നേതാക്കളുടെ സുരക്ഷയ്ക്കായി വലിയ തുകകൾ ചെലവഴിക്കുന്നത് നമുക്ക് അറിയാം. അതുപോലെ തന്നെ നാം സംരക്ഷിക്കേണ്ട ഒന്നിനെക്കുറിച്ച് ബൈബിളും എടുത്തുപറയുന്നുണ്ട്. ജ്ഞാനിയായ സോളമന്റെ വാക്കുകളിൽ, 'എല്ലാറ്റിനുമുപരിയായി നിന്റെ ഹൃദയത്തെ സംരക്ഷിക്കുക, കാരണം നീ ചെയ്യുന്നതെല്ലാം  ഹൃദയത്തിൽനിന്നാണ് ഉത്ഭവിക്കുന്നത്'. നമുക്ക് ഇതിന്റെ പശ്ചാത്തലമൊന്നു മനസ്സിലാക്കാം. ''മകനേ, എന്റെ വാക്കുകൾ ശ്രദ്ധിക്കുക; എന്റെ മൊഴികൾക്കു ചെവിതരുക. അവ നിന്റെ ദൃഷ്ടിപഥത്തിൽനിന്നു മാഞ്ഞുപോകാതിരിക്കട്ടെ; അവ നിന്റെ ഹൃദയത്തിൽ സൂക്ഷിക്കുക. എന്തെന്നാൽ അവയെ ഉൾക്കൊള്ളുന്നവന് അവ ജീവനും അവന്റെ ശരീരത്തിന് ഔഷധവുമാണ്. നിന്റെ ഹൃദയത്തെ ജാഗരൂകതയോടെ കാത്തുസൂക്ഷിക്കുക; ജീവന്റെ ഉറവകൾ അതിൽനിന്നാണൊഴുകുന്നത്'' (സുഭാ 4:20 23)

ദൈവത്തിന്റെ വാക്കുകൾക്കായി നമ്മുടെ ഹൃദയങ്ങളെ തുറന്നുവയ്ക്കാനാണ് വചനം ഇവിടെ നമ്മെ പ്രചോദിപ്പിക്കുന്നത്. കാരണം, യഥാർഥത്തിൽ നമുക്ക് ജീവനും സൗഖ്യവും നൽകുന്നത് ദൈവവചനമാണ്. ഒരു സ്വിസ് ഗാർഡിന്റെ അച്ചടക്കവും ജാഗ്രതയും ഉടലെടുക്കുന്നത് പാപ്പയുടെ സംരക്ഷണം ഉറപ്പാക്കുമെന്ന പ്രതിജ്ഞയിൽനിന്നാണ്. അതുപോലെ, നമ്മുടെ ഹൃദയത്തെ ദൈവത്തിനു പ്രതിഷ്ഠിച്ചിരിക്കുന്നതിനാൽ അതിനെ  ജാഗ്രതയോടെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയുണ്ട്. 'ഹൃദയത്തെ സംരക്ഷിക്കുക' എന്നുവച്ചാൽ സത്യവചനത്താൽ അതിനെ നിരന്തരം പരിപോഷിപ്പിക്കുക എന്നാണർഥം. നിരന്തരമായ വചനധ്യാനം യുക്തിസഹമായി ചിന്തിക്കാനും കൃത്യമായി വിവേചിക്കാനും വിവേകപൂർവമായി തീരുമാനമെടുക്കാനും നമ്മുടെ ബുദ്ധിയെ സഹായിക്കും. സത്യത്തിന്റെ വെളിച്ചത്താൽ നയിക്കപ്പെടുമ്പോൾ നമ്മുടെ തിരഞ്ഞെടുപ്പുകൾ മികച്ചതാവുകയും ജീവിതത്തിന്റെ നിലവാരം അതിശയകരമാംവിധം മെച്ചപ്പെടുകയും ചെയ്യും.

നമ്മുടെ ഹൃദയങ്ങളെ സംരക്ഷിക്കാൻ നാം ആദ്യം അവയെ മനസ്സിലാക്കണം. ഓരോരുത്തർക്കും അവരുടേതായ കഴിവുകളും ദൗർബല്യങ്ങളുമുണ്ട്.  ചില ഹൃദയങ്ങൾ ആശങ്കയിലേക്കും ഭയങ്ങളിലേക്കും ഇന്ദ്രിയ സന്തോഷങ്ങളിലേക്കും വ്യക്തിപരമായ ലക്ഷ്യങ്ങളിലേക്കും നേട്ടങ്ങളിലേക്കുമെല്ലാം ചാഞ്ഞിരിക്കുകയാകും. നന്മയ്ക്കു കാരണമാകുന്ന ചായ്‌വുകളെല്ലാം പരിപോഷിപ്പിക്കപ്പെടുകയും ദോഷകരമായവയെ ബോധപൂർവമായ ശ്രമത്തിലൂടെ

വഴിതിരിക്കുകയും വേണം. ആശങ്കകളാൽ നിറഞ്ഞ ഒരു വ്യക്തി ദൈവവചനത്തിൽ സ്വയം ആഴ്ന്നിറങ്ങുമ്പോൾ തന്റെ ചിന്തകളും വികാരങ്ങളും കൂടുതൽ വ്യക്തതയോടെ കൈകാര്യം ചെയ്യാൻ പഠിക്കുന്നു. അയാളുടെ ബൗദ്ധികമണ്ഡലം സത്യത്താൽ രൂപാന്തരപ്പെടുന്നതിനാൽ വീണ്ടും ആശങ്കകളാൽ സ്വാധീനിക്കപ്പെടാൻ അയാൾ അനുവദിക്കില്ല. പകരം, സ്നേഹപിതാവിന്റെ പരിപാലനയിലാണ് താനെന്ന ഉറപ്പിലായിരിക്കും അയാളുടെ ജീവിതം. സ്വിസ് ഗാർഡിനെപോലെ, ശ്രദ്ധാലുവായ ഒരു ഹൃദയം, താൻ ധ്യാനിക്കുന്ന വചനത്തിനനുസൃതമായ ചിന്തകളെ മാത്രമാണ് ഉള്ളിലേക്കു കടക്കാൻ അനുവദിക്കുന്നത്.

ഇന്നത്തെ ഡിജിറ്റൽ യുഗത്തിൽ, വിനോദത്തിന്റെയും വിവരങ്ങളുടെയും അതിപ്രസരത്തിലാണ് നാം ജീവിക്കുന്നത്. തൽക്ഷണ സംതൃപ്തിയും സ്വയം പ്രചാരണവും ആഘോഷിക്കുന്ന ഒരു സംസ്കാരം പലപ്പോഴും നമ്മുടെ വികാരങ്ങളെയും ആഗ്രഹങ്ങളെയും നേരിട്ട് സ്വാധീനിക്കുന്നു. നമ്മുടെ ആന്തരിക മുറിവുകളും ബലഹീനതകളും കൂടുതലായി നമ്മെ ഈ സ്വാധീനങ്ങൾക്ക് ഇരയാക്കാനിടയുണ്ട്. സത്യത്തിന്റെയും ജ്ഞാനത്തിന്റെയും വെല്ലുവിളി നിറഞ്ഞ ഇടുങ്ങിയ പാത തിരഞ്ഞെടുക്കുന്നതിനുപകരം, ക്ഷണികമായ ആനന്ദത്തിന്റെയും ദ്രുത പരിഹാരങ്ങളുടെയും പാത നമുക്ക് കൂടുതൽ പ്രലോഭനകരമായി തോന്നിയേക്കാം.

എന്നാൽ ഇടുങ്ങിയ വഴികളിലൂടെ നടന്നു പക്വമായ തിരഞ്ഞെടുപ്പുകളിലേക്കെത്താനാണ് യേശു നമ്മെ വിളിക്കുന്നത്. അതുകൊണ്ടാണ് ദൈവവചനം ജീസസ് യൂത്തിന്റെ അടിസ്ഥാന തൂണുകളിലൊന്നായത്. നമ്മുടെ ഹൃദയം അതിന്റെ ദൗർബല്യങ്ങളിലേക്കു ചായാതെ ജീവദായകമായ വചനത്തിലേക്കു ശ്രദ്ധയൂന്നുമ്പോൾ നാം ദൈവരാജ്യത്തിന്റെ പക്വതയാർന്ന, ധീരരായ സ്ഥാനപതികളായി മാറും. ഇതു തുടർന്നുകൊണ്ടേയിരിക്കുന്ന രൂപീകരണ പ്രക്രിയയാണ്. ഹൃദയത്തിനു കാവൽ ഏർപ്പെടുത്താതിരുന്നാൽ ഇതിനു വിപരീതമായതാണു സംഭവിക്കുക. സോളമൻ രാജാവിനു സംഭവിച്ചതുപോലെ നമ്മുടെ ഹൃദയം സ്വാർഥമായ അന്വേഷണങ്ങളിലേക്ക് തെന്നിമാറും. ഹൃദയം കാത്തുസൂക്ഷിക്കുന്നതിന്റെ പ്രാധാന്യം നന്നായി മനസ്സിലാക്കിയിരുന്നിട്ടും അതിനെക്കുറിച്ച് എഴുതിയിട്ടുപോലും തന്റെ ജീവിതത്തിൽ അതു പ്രാവർത്തികമാക്കുന്നതിൽ അദ്ദേഹം പരാജയപ്പെടുന്നു. നമ്മോടുള്ള ചോദ്യം ഇതാണ്: ദൈവം നമ്മുടെ ഹൃദയങ്ങൾക്കു കൽപിച്ചിരിക്കുന്ന അനന്തമായ മൂല്യം നമ്മുടെ ഹൃദയത്തിനു നാം നൽകുന്നുണ്ടോ?